
ശ്രീ വിദ്യാധിരാജ വിലാസം

എൻ.എസ്.എസ്. ഹയർ സെക്കന്ററി സ്കൂൾ



# വിദ്യാജ്യോതി

## അക്കാദമിക് മാസ്റ്റർപ്ലാൻ

2025-2026

---

ടി.പി. പുരം പി.ഒ.

വാഴൂർ, കോട്ടയം, ഫോൺ – 456350

Scanned with OKEN Scanner

ശ്രീ വിദ്യാധിരാജ വിലാസം

എൻ.എസ്.എസ്. ഹയർ സെക്കന്ററി സ്കൂൾ

# വിദ്യാജ്യോതി

## അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

ടി.പി. പുരം പി.ഒ.

വാഴൂർ, കോട്ടയം, ഫോൺ – 456350



Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എസ്.വി.ആർ.വി.എൻ.എസ്.എസ്. എച്ച്.എസ്.എസ്. വാഴൂർ |
| വിലാസം | : തീർത്ഥപാദപുരം പി.ഒ., വാഴൂർ, കോട്ടയം ജില്ല<br>പിൻ - 686505 |
| ഫോൺ | : 0481 - 2456350 |
| സ്കൂൾ കോഡ് | : 32053 (എച്ച്.എസ്.) 5088 (എച്ച്.എസ്.എസ്.) |
| വിദ്യാഭ്യാസ ഉപജില്ല | : കറുകച്ചാൽ |
| വിദ്യാഭ്യാസ ജില്ല | : കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല | : കോട്ടയം |
| ബി.ആർ.സി. | : കറുകച്ചാൽ |
| സി.ആർ.സി. | : ചാമംപതാൽ |
| ഗ്രാമപഞ്ചായത്ത് | : വാഴൂർ - വാർഡ് 9 |
| ബ്ലോക്ക് പഞ്ചായത്ത് | : വാഴൂർ |
| ജില്ലാ പഞ്ചായത്ത് | : കോട്ടയം (പൊൻകുന്നം ഡിവിഷൻ) |
| നിയമസഭാ മണ്ഡലം | : കാഞ്ഞിരപ്പള്ളി |
| ലോക്സഭാ മണ്ഡലം | : പത്തനംതിട്ട |
| താലൂക്ക് | : ചങ്ങനാശ്ശേരി |
| വില്ലേജ് | : വാഴൂർ |
| ഇ - മെയിൽ | : kply32053@gmail.com |



Scanned with OKEN Scanner

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. കാഴ്ചപ്പാട്
4. പൊതുലക്ഷ്യങ്ങൾ
5. നേട്ടങ്ങൾ
6. ഇംഗ്ലീഷ് പഠനം
7. മലയാളം പഠനം
8. സംസ്കൃത പഠനം
9. ഹിന്ദി പഠനം
10. സോഷ്യൽ സയൻസ്
11. അടിസ്ഥാന ശാസ്ത്രം
12. ഗണിതം
13. ഐ.റ്റി. പഠനം
14. കലാ - കായിക പഠനം, പ്രവൃത്തിപരിചയം
15. ദിനാചരണം, അസംബ്ലി
16. സ്കോളർഷിപ്പ് പരിശീലനം
17. പഠനയാത്ര
18. പി.റ്റി.എ. ശാക്തീകരണം
19. ആരോഗ്യം
20. മാലിന്യ സംസ്കരണം, പൂന്തോട്ട നിർമ്മാണം
21. കൗൺസിലിംഗ്, ഗൃഹസന്ദർശനം.
22. മൂല്യനിർണ്ണയം
23. അക്ഷരം - വാക്ക് - വാക്യനിർമ്മാണം - പ്രോജക്ട്
വായനക്കൂട്ടം, എഴുത്തുകൂട്ടം, ഭാഷാ ലാബ്




Scanned with OKEN Scanner

# ആമുഖം

ഭാരതകേസരിയും, നവോത്ഥാന നായകൻമാരിൽ ഒരാളുമായ, ശ്രീ. മന്നത്ത് പത്മനാഭന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായാരാണ് വാഴൂരിലും പരിസര പ്രദേശങ്ങളിലുമുള്ള കരയോഗ പ്രവർത്തകർ വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കുന്നത്. നാട്ടിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക എന്ന ലക്ഷ്യമിട്ട് വാഴൂരിന്റെ ആത്മീയ ആചാര്യനായ ശ്രീ. വിദ്യാനാന്ദ സ്വാമികളുടെ നേതൃത്വത്തിൽ വാഴൂരിലെ നാല് കരയോഗങ്ങൾ ചേർന്ന് 1953 മെയ് മാസം 1-ാം തീയതി വാഴൂർ സനാതന ധർമ്മ സേവാ സംഘം രജിസ്ടരർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

ചട്ടമ്പിസ്വാമി തിരുവടികളുടെ ജന്മശതാബ്ദി വർഷമായതുകൊണ്ട് അദ്ദേഹത്തിന്റെ പേരായ വിദ്യാധിരാജ എന്ന പേരിൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകുകയും അംഗീകാരം നേടുകയും ചെയ്തു. 1953 ജൂലൈ 1-ാം തീയതി ഫോറം 1, 4 എന്നീ ക്ലാസ്സുകളിലായി 2 ഡിവിഷൻ വീതം 743-ാം നമ്പർ എൻ.എസ്.എസ്. കരയോഗ മന്ദിരത്തിൽ എസ്.വി.ആർ.വി. എച്ച്.എസ്.എസ്. എന്ന പേരിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. വിദ്യാനന്ദ തീർത്ഥ പാദസ്വാമികൾ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. എറണാകുളം സെന്റ് ആൽബർട്ട് എച്ച്.എസ്.എസ്. ലെ ശ്രീ. എം. നാണപ്പമേനോൻ ആയിരുന്നു ആദ്യ ഹെഡ്മാസ്റ്റർ. സ്കൂൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം (6 ഏക്കർ) വാഴൂരിലെ സുമനസ്സുകളായ കരയോഗാംഗങ്ങൾ ഒത്തുചേർന്ന് എൻ.എസ്.എസ്. യൂണിയനുവേണ്ടി കുതിരവട്ടം തകിടിയിലുള്ള ഭൂമി ദാനം ചെയ്ത. പുതിയ കെട്ടിടം പുതിയ കെട്ടിടം പൂർത്തീകരിച്ച് 1956 ജൂൺ 1-ാം തീയതി രാജപ്രമുഖൻ ശ്രീ. ചിത്തിരതിരുനാൾ ബാലരാമവർമ്മ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. പിന്നീട് 1959 ൽ എൻ.എസ്.എസ്. ന് സ്കൂൾ വിട്ടുകൊടുക്കുകയും എസ്.വി.ആർ.വി.എൻ.എസ്.എസ്. എച്ച്.എസ്. എന്ന് നാമകരണം ചെയ്യുകയും ചെയ്തു. 1954-1959 വരെ ശ്രീ. എൻ. ദാമോദരപിള്ളയും തുടർന്ന് 1984 വരെ ശ്രീ. എം.കെ. ഗോപാലകൃഷ്ണൻ നായരും ഹെഡ്മാസ്റ്റർമാരായി തുടർന്നു. 2000-ത്തിൽ ഈ സ്കൂൾ ഹയർ സെക്കൻഡറിയായി ഉയർത്തി. പിന്നീട് സമൂഹത്തിന്റെ വിവിധ മേഖലകളിൽ സംഭാവന നൽകിയ അനേകമാളുകൾ ഈ വിദ്യാലയത്തിന്റെ സന്തതികളാണ് എന്ന് കൃതജ്ഞതയോടെ സ്മരിക്കുന്നു. വാഴൂരിനും പരിസര പ്രദേശങ്ങൾക്കും അക്ഷരദീപം തെളിയിച്ച് ഇന്നും ഈ സരസ്വതിക്ഷേത്രം തലയുയർത്തി നിൽക്കുന്നു.



Scanned with OKEN Scanner

2024-25 അദ്ധ്യയന വർഷത്തിൽ യു.പി., എച്ച്.എസ്. ഉൾപ്പെടെ 235 കുട്ടികൾ പഠിക്കുന്നുണ്ട്. യു.പി. യിൽ 5 ഡിവിഷനും എച്ച്.എസ്. ൽ 6 ഡിവിഷനുമാണുള്ളത്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 15 അദ്ധ്യാപകരും, 3 ഓഫീസ് സ്റ്റാഫും ഇവിടെ സേവനമനുഷ്ഠിക്കുന്നു. സ്റ്റാഫിന്റെ കൂട്ടായ പ്രവർത്തനം സ്കൂളിനു കൂടുതൽ കരുത്തു നൽകുന്നു. പരിപാവനവും, ശാന്തവുമായ അന്തരീക്ഷത്തിൽ നിലകൊള്ളുന്ന ഈ വിദ്യാലയം ധാരാളം ബഹുമുഖ പ്രതിഭകൾക്ക് ജന്മം നൽകിയിട്ടുണ്ട്.

## നേട്ടങ്ങൾ

2025 - 26 അധ്യായന വർഷത്തിൽ യുപി എച്ച്എസ് ഉൾപ്പെടെ 204 കുട്ടികൾ പഠിക്കുന്നുണ്ട്. യുപിയിൽ മൂന്ന് ഡിവിഷനും എച്ച് എസിൽ അഞ്ചു ഡിവിഷനും ആണുള്ളത്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 12 അധ്യാപകരും 4 അനധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. സ്റ്റാഫിന്റെ കൂട്ടായ പ്രവർത്തനം സ്കൂളിന് കൂടുതൽ കരുത്ത് നൽകുന്നു. പരിപാവനവും ശാന്തവുമായ അന്തരീക്ഷത്തിൽ നിലകൊള്ളുന്ന വിദ്യാലയം ധാരാളം ബഹുമുഖ പ്രതിഭകൾക്ക് ജന്മം നൽകിയിട്ടുണ്ട്. എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി ആറാം തവണ 100% വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളിന് സാധിച്ചു. നാലു കുട്ടികൾ ഫുൾ എ പ്ലസ് അർഹരായി. കഴിഞ്ഞ അധ്യായന വർഷം ഗിന്നസ് വേൾഡ് റെക്കോർഡ് നേടിയ ജോസൂകുട്ടി എൽബിൻ സംസ്ഥാന ശിശു വികസന വകുപ്പ് ഏർപ്പെടുത്തിയ ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അർഹനായി. അമ്മാർ ബിൻ റഫീഖ് NMMSE സ്കോളർഷിപ്പിനും പാർവതി പി രാജേഷ്, ആരുഷ് ജ്യോതി കുമാർ എന്നിവർ യുഎസ്എസ് സ്കോളർഷിപ്പിനും അർഹരായി. രാകേന്ദു ദിനകുമാർ, അനുജു പ്രമോദ്, ശ്രീനന്ദ പി, ആനന്ദ് ബിനു എന്നിവർ കരാട്ടെ ബ്ലാക്ക് ബെൽറ്റ് നേടി. വൈഷ്ണവി ആർ നായർ സംസ്ഥാന യോഗ ഒളിമ്പ്യാഡിൽ വിജയം കൈവരിച്ചു വിവിധ മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തു.

ഈ വർഷം നടക്കാനിരിക്കുന്ന കലാകായിക മത്സരങ്ങൾക്കും മേളകൾക്കും പങ്കെടുക്കുന്നതിനായി കുട്ടികൾ തയ്യാറെടുത്തു കൊണ്ടിരിക്കുന്നു. മുൻ വർഷങ്ങളിലെ പോലെ എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടാനായി അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് പരിശ്രമിക്കുന്നു. ഫുൾ എ പ്ലസ് ലഭിക്കാൻ സാധ്യതയുള്ള കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തി അവർക്ക് വേണ്ട പ്രത്യേക പരിശീലനം നൽകിവരുന്നു. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനായി പ്രത്യേക ക്ലാസുകൾ നൽകിവരുന്നു. വിദ്യാഭ്യാസ NMMSE, USS പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകിപ്പോരുന്നു.

## പരിമിതികൾ

നമ്മുടെ സ്കൂൾ ഉൾപ്രദേശത്തായതുകൊണ്ട് ഗതാഗത സൗകര്യം കുറവാണ്. സ്കൂൾ ബസ്സിനെ ആശ്രയിച്ചാണ് കുട്ടികൾ സ്കൂളിലെത്തുന്നത്. വിശാലമായ പ്രദേശത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത് അതുകൊണ്ട് ചുറ്റുമതിൽ ഇല്ലാത്തത് വലിയൊരു പ്രശ്നമായി നിലകൊള്ളുന്നു.



Scanned with OKEN Scanner

# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

### "യാ വിദ്യാ സാ വിമുക്തയേ"

1. അറിവ് മോചനത്തിന് കാരണമാണ് എന്ന വേദവാക്യത്തിന് അർത്ഥതലം നൽകേണ്ട ഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കുക.
2. പഠനപ്രവർത്തനത്തിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
3. സത്യം, സമത്വം, ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളെ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.
4. വരും തലമുറകൾക്ക് സമൂഹജീവിതത്തിൽ വേണ്ട ഉന്നതവും ഉദാത്തവുമായ മൂല്യങ്ങൾ നേടിയെടുക്കുവാനുള്ള പ്രാപ്തി കൈവരിക്കുക.



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ
## U.P. ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു | **Lend Your Ear-** ലളിതവും രസകരവുമായി റെക്കോർഡ് ചെയ്തവ കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow me if you can -** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Treasure Hunt -** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| 2.) ഭാവനാത്മകത വായന പരിശീലിപ്പിക്കുന്നു | **One Man Show -** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **I Too Can -** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Reader of the Month -** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| 3.) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | **Petals -** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Fun Time -** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ എഴുതി ആഴ്ചയിൽ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു തവണ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ
## H.S. ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | English Library നവീകരണം<br>English Cartoon പ്രദർശനം<br>English Assembly | അക്കാദമിക വർഷം | പി.ടി.എ., ടീച്ചേഴ്സ് | പി.ടി.എ., മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാകാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ്, എസ്.ആർ.ജി. | ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെന്റ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | അക്ഷര കാർഡ്, പദകാർഡ്, | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ. ടീച്ചേഴ്സ്, എസ്.ആർ.ജി. | ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇംഗ്ലീഷ് പത്രവായന, പദസമ്പാദനം, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ. ടീച്ചേഴ്സ് | |



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ

## U.P. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പഠിതാക്കളെ പദസമ്പത്ത് വളർത്താനും പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു) | ജൂൺ | മലയാളം അദ്ധ്യാപകർ | |
| | **ഭാഷാകേളി** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ | |
| | **വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അദ്ധ്യാപകർ | |
| 2.) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്** പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ | |
| | **വാർത്താവായന** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3.) സാഹിത്യ കൃതികളോടും, സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം / മുഖാമുഖം** സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും, സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മാസ്റ്റർ മലയാളം അദ്ധ്യാപകർ | പി.റ്റി.എ. |



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ
## U.P. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4.) മലയാളത്തിൽ പരിജ്ഞാനം നേടി യെടുക്കലും, സർഗ്ഗാത്മകശേഷി വളർത്തലും | മുഴുവൻ കുട്ടികളേയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ്ബ് |
| 5.) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | സ്കൂൾ പി.റ്റി.എ. | പി.റ്റി.എ. |
| 6.) കുട്ടികളുടെ അവതരണ മികവ് | വിശേഷദിനങ്ങളും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ മലയാളം അദ്ധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.റ്റി.എ. |
| | | | | |



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ

## H.S. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പഠന സാമഗ്രി | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ◆ അക്ഷരം ഉറപ്പിക്കൽ<br>◆ അക്ഷര കാർഡ് നൽകൽ<br>◆ വാക്കുകൾ നിർമ്മിക്കുക<br>◆ വാക്കുകൾ എഴുതിയ കാർഡ്<br>◆ വാക്യങ്ങൾ നിർമ്മിക്കൽ<br>◆ അടിക്കുറിപ്പ് തയ്യാറാക്കൽ<br>◆ ചിത്രം കണ്ട് കഥ പറയൽ<br>◆ ചിത്രം- കഥ എഴുതൽ<br>◆ കഥ ബാക്കി എഴുതൽ<br>◆ കഥ പുസ്തകം നൽകുന്നു<br>◆ കഥ വായിക്കുന്നു<br>◆ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>◆ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് എടുക്കൽ | ജൂൺ ജൂലൈ മാസങ്ങൾ | പുസ്തകങ്ങൾ | |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | ◆ ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ | ജൂൺ | | |
| | ◆ ചെറിയ പുസ്തകങ്ങൾ, പത്രം എന്നിവ വായിക്കുക<br>◆ ഉച്ചാരണശുദ്ധി വളർത്തുക<br>◆ വായനോത്സവം സംഘടിപ്പിക്കൽ<br>◆ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>◆ വായനാനുഭവം പങ്കുവയ്ക്കൽ | എല്ലാ ദിവസവും | പത്രം, മാസിക | |



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ
## H.S. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പഠന സാമഗ്രി | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ♦ സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ നൽകുന്നു<br>♦ പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ<br>♦ വായനക്കുറിപ്പ് പതിപ്പ് നിർമ്മാണം<br>♦ വായനക്കൂട്ട രൂപീകരണം<br>♦ എഴുത്തുകൂട്ടം<br>♦ ക്വിസ് മത്സരം സംഘടിപ്പിക്കൽ<br>♦ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>♦ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ ആഴ്ച യിലും | പത്രം<br>സ്കൂൾ ലൈബ്രറി<br>മാസികകൾ | |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ♦ എഴുത്തുകൂട്ട രൂപീകരണം<br>♦ ക്ലാസ്സ് ലൈബ്രറി<br>♦ വായനക്കുറിപ്പ് - പതിപ്പ്<br>♦ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>♦ വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ<br>♦ വിവിധ സാഹിത്യകാരൻമാരെ പരിചയപ്പെടൽ<br>♦ വായന, എഴുത്ത് എന്നിവയുടെ പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് നേടുക<br>♦ വിദ്യാരംഗം കലാ-സാഹിത്യവേദി: പ്രവർത്തനം | | | |



Scanned with OKEN Scanner

# അക്കാദമിക പ്ലാൻ
## സംസ്കൃതം (5–10 ക്ലാസ്സുകൾ)

വിദ്യാർത്ഥികളിലേക്ക് ഭാരതീയ സംസ്കാരത്തെയും അവയുടെ മൂല്യങ്ങളെയും കുറിച്ചുള്ള അവബോധം ഉണ്ടാക്കുവാൻ സംസ്കൃതഭാഷാപഠനം അനിവാര്യമാണ്. ഓരോ വ്യക്തിയുടെയും സ്വഭാവ രൂപീകരണത്തിൽ സംസ്കൃത ഭാഷാ പഠനത്തിന്റെ ആവശ്യകത കൂടിവരുന്നതായി അടുത്ത കാലത്ത് നടന്ന പല ഗവേഷണങ്ങളും തെളിയിക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സംസ്കൃത ഭാഷാപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വർദ്ധിപ്പിക്കുന്നു | അക്ഷരകേളി / സംഖ്യാ കേളി. പദകേളി | ജൂൺ ജൂലൈ | സംസ്കൃത അദ്ധ്യാപകർ | ടീച്ചർ ഗ്രാന്റ് | **കുട്ടികൾ അദ്ധ്യാപകർ** അക്ഷരജ്ഞാനം, സംഖ്യാജ്ഞാനം, പദജ്ഞാനം എന്നിവ എല്ലാ കുട്ടികളിലും ലഭ്യമാക്കുന്നു |
| സംസ്കൃതവായന എല്ലാവരിലും ആരംഭിക്കുന്നു | വാർത്താ വായന | ജൂൺ ഡിസംബർ | സംസ്കൃത വിദ്യാർത്ഥികൾ അദ്ധ്യാപകർ | കുട്ടികൾ അദ്ധ്യാപകർ | **അദ്ധ്യാപകർ** വായനാശേഷി, അവതരണ പാടവം, സംസ്കൃതജ്ഞാനം എന്നിവയ്ക്ക് കഴിവുള്ളവനാക്കുന്നു |
| ഭാഷാജ്ഞാനം നിർമ്മാണപാടവം എന്നിവ വർദ്ധിപ്പിക്കുന്നു | കൈയ്യെഴുത്തുമാസിക നിർമ്മാണം | വർഷത്തിൽ ഒരു തവണ | വിദ്യാർത്ഥികൾ അദ്ധ്യാപകർ | കുട്ടികൾ അദ്ധ്യാപകർ രക്ഷകർത്താക്കൾ | **അദ്ധ്യാപകർ, രക്ഷിതാക്കൾ** പ്രസിദ്ധീകരണ സാമർത്ഥ്യം സംസ്കൃതജ്ഞാനം എന്നിവയ്ക്ക് കഴിവുള്ളവനാക്കുന്നു |
| വ്യാവഹാരിക സംസ്കൃത സംഭാഷണപാടവം ലളിത സംസ്കൃത പ്രയോഗങ്ങൾ എന്നിവ ആരംഭിക്കുന്നു | സംഭാഷണ സംസ്കൃതം, സംസ്കൃത ദിനാചരണം സ്കൂൾ, ജില്ലാ, സംസ്ഥാനം | ജൂൺ - ഡിസംബർ | വിദ്യാർത്ഥികൾ അദ്ധ്യാപകർ | കുട്ടികൾ അദ്ധ്യാപകർ രക്ഷകർത്താക്കൾ | **അദ്ധ്യാപകർ, രക്ഷിതാക്കൾ** കുട്ടികളിൽ പൊതുജനങ്ങളിൽ സംസ്കൃതഭാഷ സരളമായി പ്രയോഗിക്കുവാൻ ഉള്ള ശേഷി ലഭ്യമാക്കുന്നു |

# അക്കാദമിക പ്ലാൻ
## സംസ്കൃതം (5–10 ക്ലാസ്സുകൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ |
|---|---|---|---|---|---|
| സംസ്കൃത നാടകങ്ങൾ കണ്ട് അഭിനയം രചന തുടങ്ങിയ മേഖലകളിൽ അഭിരുചി വർദ്ധിപ്പിക്കുന്നു | ◆ നാടകശില്പശാല<br>◆ അഭിനയ പരിശീലനം | ഒരു വർഷത്തിൽ ഒരു തവണ ആഗസ്റ്റ്- ഡിസംബർ | അദ്ധ്യാപകർ<br>രക്ഷകർത്താക്കൾ<br>വിദ്യാർത്ഥികൾ<br>അദ്ധ്യാപകർ | സ്കൂൾ പി.റ്റി.എ.<br>അദ്ധ്യാപകർ | നാടക അവബോധം അഭിനയം രചന തുടങ്ങിയവയിൽ കഴിവുള്ളവനാക്കുന്നു. അഭിനയ പാടവം അവതരണ പാടവം തുടങ്ങിയവയിൽ കഴിവുള്ളവനാക്കുന്നു. |
| വിവിധതരത്തിലുള്ള നാടകങ്ങളെക്കുറിച്ച് ധാരണ അഭിരുചി വർദ്ധിപ്പിക്കുന്നു | നാടകലേഖകൻമാരുടെയും അഭിനേതാക്കളുടെയും പങ്കാളിത്തത്തോടുകൂടിയ ക്ലാസ്സുകൾ | വർഷത്തിൽ രണ്ടു തവണ | അദ്ധ്യാപകർ | അദ്ധ്യാപകർ<br>പി.റ്റി.എ. | കുട്ടികളിൽ ചിത്രീകരണ പാടവം സംസ്കൃത നാടക ജ്ഞാനം എന്നിവയിൽ കഴിവുള്ളവനാക്കുന്നു |
| കഥ, കവിത വിവിധ ഭാഷാപ്രയോഗങ്ങൾ എന്നിവയിൽ താല്പര്യം വർദ്ധിപ്പിക്കുന്നു | ഭാഷാക്യാമ്പ്<br>രചനാപരിശീലനം | വർഷത്തിൽ ഒരിക്കൽ | അദ്ധ്യാപകർ | അദ്ധ്യാപകർ<br>സ്കൂൾ പി.റ്റി.എ. | രചനാപാടവം, സംസ്കൃത ജ്ഞാനം ലളിതസാഹിത്യകൃതികൾ, വായിക്കുവാനും കഴിവുള്ളവനാക്കുന്നു |
| അറിയാവുന്ന കലകൾ എല്ലാവർക്കും അവതരിപ്പിക്കുവാനുള്ള അവസരം ഉചിതമായ പ്രോത്സാഹനം നൽകുന്നു | സംസ്കൃതസാഹിത്യവേദി | മാസത്തിൽ ഒരിക്കൽ | അദ്ധ്യാപകർ<br>വിദ്യാർത്ഥികൾ | അദ്ധ്യാപകർ | സഭാകമ്പനിവാരണം സംസ്കൃതജ്ഞാനം അവതരണപാടവം എന്നിവയിൽ കഴിവുള്ളവനാക്കുന്നു |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യു.പി. തലത്തിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി ഭാഷ വായിച്ചെടുക്കുവാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ | ഒരു വർഷം | ഹിന്ദി ടീച്ചർ കുട്ടികൾ | അദ്ധ്യാപക കൂട്ടായ്മ |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ആവശ്യാനുസരണം | ഹിന്ദി ടീച്ചർ കുട്ടികൾ | അദ്ധ്യാപക കൂട്ടായ്മ |
| | വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം | ആവശ്യാനുസരണം | ഹിന്ദി ടീച്ചർ കുട്ടികൾ | അദ്ധ്യാപക കൂട്ടായ്മ |
| | ഹിന്ദി ഭാഷയിലെ സർഗ്ഗശേഷി വിലയിരുത്താനുതകുന്ന മത്സരങ്ങൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ഹിന്ദി ടീച്ചർ കുട്ടികൾ | അദ്ധ്യാപക കൂട്ടായ്മ |
| | അക്ഷരവൃക്ഷം, പ്ലക്കാർഡുകൾ, ഹിന്ദി അസംബ്ലി എന്നീ കാര്യങ്ങൾ പ്രാവർത്തികമാക്കുക | ഹിന്ദി വാരാഘോഷത്തിന് സെപ്റ്റംബർ മാസത്തിൽ ഒരു തവണ | കുട്ടികൾ | അദ്ധ്യാപക കൂട്ടായ്മ |
| ഹൈസ്കൂൾ തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷയിൽ വായിക്കാനും എഴുതാനുമുള്ള നൈപുണ്യം വളർത്തിയെടുക്കുക | ലൈബ്രറിയിലുള്ള ചെറുപുസ്തകങ്ങൾ നൽകി കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കുക | രണ്ട് മാസം | ഹിന്ദി ടീച്ചർ ലൈബ്രറി ചാർജ്ജ് ചുമതലയുള്ള ടീച്ചർ | അദ്ധ്യാപക കൂട്ടായ്മ, പി.റ്റി.എ. പൂർവ്വകാല അദ്ധ്യാപകർ |
| | ഹിന്ദി അസംബ്ലി നടത്തുക | മാസത്തിൽ ഒരു തവണ | കുട്ടികൾ | |
| ഭാഷാ നൈപുണി വളർത്തിയെടുക്കുക ഭാഷാഭിരുചി വളർത്തിയെടുക്കുക | കഥാ വായന<br>കഥാരചന<br>ഹിന്ദി ടെലിഫിലിം<br>നാടകം ഇവയൊക്കെ കണ്ടുപരിചയപ്പെടാനുള്ള അവസരം. | ഒരു വർഷം | അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സ് തലത്തിലെ എല്ലാ അദ്ധ്യാപകരും | സർക്കാർ തലത്തിലും അദ്ധ്യാപക കൂട്ടായ്മ തലത്തിലും ഉള്ള സംഭാവന |
| | ക്ലാസ്സ് തലത്തിൽ സന്ദർഭാനുസരണമായി ഹിന്ദി ഭാഷയിൽ സംവദിക്കാനുള്ള സാഹചര്യം ഒരുക്കൽ | ഒരു വർഷം | ഹിന്ദി ടീച്ചർ | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി അന്തരീക്ഷ വുമായി ബന്ധപ്പെ ടാനുള്ള അവസരം | ICT സഹായത്തോടെ പാഠാനുബന്ധ പ്രവർത്തനങ്ങൾ കുട്ടികളുടെ മേൽ നോട്ടത്തിൽ നടപ്പിലാക്കൽ | ഒരു വർഷം | ഹിന്ദി ടീച്ചർ കുട്ടികൾ | സർക്കാർ തലത്തിലും അദ്ധ്യാപക കൂട്ടായ്മ തലത്തിലും ഉള്ള സംഭാവന |
| ഹിന്ദി ഭാഷാപഠന ത്തിലൂടെ വ്യക്തി ഗത പുരോഗതിയും തൊഴിൽ മേഖല യിലെ സാധ്യത കളും തിരിച്ചറി യുക | ഹഫ്തെ കാ ശബ്ദ്. (ഓരോ ആഴ്ചയും രാജ്യഭാഷയിലെ ഒരു വാക്ക് പരിചയപ്പെടുത്തൽ.<br>കഥാ ദൃശ്യങ്ങൾ, ബ്ലർബ്, കഥാ സംഗ്രഹ രചന എന്നിവക്കുള്ള അവസരം | ഒരു വർഷം | ഹിന്ദി ടീച്ചർ കുട്ടികൾ | സർക്കാർ തലത്തിലും അദ്ധ്യാപക കൂട്ടായ്മ തലത്തിലും ഉള്ള സംഭാവന |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന് സമൂഹത്തിൽ ഇടപെടാനുള്ള ശേഷി ആർജ്ജിക്കുന്നതിന് | ഓരോ കുട്ടിയും തയ്യാറാക്കിയ വ്യക്തിഗത പ്രൊഫൈൽ, കുട്ടികളെ അടുത്തറിയുന്നതിന് സഹായിച്ചു | ജൂൺ | | |
| 2) പങ്കുവയ്ക്കൽ, കരുതൽ ആശയവിനിമയം | ശിശുസൗഹൃദ സ്കൂൾ പഠനാനുഭവങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. പൂന്തോട്ട നിർമ്മാണം | ജൂൺ | | |
| 3) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ജൂൺ | | |
| 4) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡുസഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ജൂലൈ | | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന് സമൂഹത്തിൽ ഇടപെടാനുള്ള ശേഷി ആർജ്ജിക്കുന്നതിന് | ഓരോ കുട്ടിയും തയ്യാറാക്കിയ വ്യക്തിഗത പ്രൊഫൈൽ, കുട്ടികളെ അടുത്തറിയുന്നതിന് സഹായിച്ചു | ജൂൺ | | |
| 2) പങ്കുവയ്ക്കൽ, കരുതൽ ആശയവിനിമയം | ശിശുസൗഹൃദ സ്കൂൾ പഠനാനുഭവങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. പൂന്തോട്ട നിർമ്മാണം | ജൂൺ | | |
| 3) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ജൂൺ | | |
| 4) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക<br><br>5) ഇന്ത്യൻ ഭരണഘടന:- സ്വാതന്ത്ര്യസമരത്തിന്റെ ഉല്പന്നം | ഗ്രാമസഭ, വാർഡുസഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br><br>"ഭരണഘടനയുടെ സവിശേഷതകൾ" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കൽ.<br>◆ പ്ലക്കാർഡ് നിർമ്മാണം<br>◆ ടൈം ലൈൻ, പദസൂര്യൻ | ജൂലൈ<br><br>ജൂലൈ | | |
| 6) ഭക്തി, സൂഫി ആശയങ്ങളുടെ സ്വാധീനം | ആശയപടം പൂർത്തിയാക്കൽ<br>ചോദ്യോത്തര പയറ്റ്<br>ലഘുലേഖ തയ്യാറാക്കൽ | ജൂലൈ | | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ
## യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | | |
| 8) ഭക്ഷണം അമൂല്യമാണ് എന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് | ◆ ലഘുലേഖകൾ തയ്യാറാക്കൽ<br>◆ ആദിമനുഷ്യരുടെ ഭക്ഷണ സമ്പാദനം ICT ഉപയോഗിച്ച് കാണുന്നു.<br>◆ ചിത്രങ്ങൾ വിശകലനം, ചർച്ചാക്കുറിപ്പ്, അന്വേഷണക്കുറിപ്പ് തയ്യാറാക്കൽ<br>◆ കച്ചവടത്തിലേക്ക് നയിച്ച സാഹചര്യം ചർച്ച | ആഗസ്റ്റ് | | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എച്ച്.എസ്. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br><br>**വയൽ കിളികൾ:** സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസുകൾ |
| 3) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്:** സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.റ്റി.എ. മാനേജ്മെന്റ് |
| 4) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മകത പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യപരിഷ്ക്കർത്താകളെ പരിചയപ്പെടുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വെ, പ്രോജക്ട് ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എച്ച്.എസ്. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാകുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം:** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, ചരിത്ര സിനിമാ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം.<br>കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എച്ച്.എസ്. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ പരീക്ഷണ- നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | സ്കൂളിൽ കോവിഡ് കാലത്തിന് ശേഷം അടച്ചിട്ടിരുന്ന സയൻസ് ലാബ് പുനരുദ്ധാരണം പ്രഥമ ലക്ഷ്യമാണ്.<br>പാഠങ്ങളുമായി ബന്ധപ്പെട്ട ലഘു പ്രവർത്തനങ്ങൾ കുട്ടികൾക്ക് നേരിട്ട് ചെയ്യാനുള്ള അവസരം ഒരുക്കൽ | വേനലവധിക്കാലം<br>അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| 2) ശാസ്ത്രലോകത്തേക്ക് Scientific temper കുട്ടികളിൽ വളർത്താൻ | ശാസ്ത്ര ക്വിസുകളിൽ പങ്കെടുപ്പിക്കുന്നു<br>ശാസ്ത്ര പ്രദർശനങ്ങളും ശിൽപശാലകളും നടത്തുന്നു<br>ശാസ്ത്രലോകത്തെ പുത്തൻ പ്രവണതകൾ കണ്ടെത്തി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.<br>വർഷത്തിൽ ഒരിക്കൽ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>സയൻസ് അദ്ധ്യാപകർ<br>സയൻസ് അദ്ധ്യാപകർ | |
| 3) ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക<br>തണൽ വൃക്ഷങ്ങളും, ചെടികളും ഔഷധ ചെടികളും നിർമിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br>സീഡ് ക്ലബ്ബ്<br>ആരോഗ്യ ക്ലബ്ബ് | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ
## എച്ച്.എസ്. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയധാരണ കൈവരിയ്ക്കൽ ചതുഷ്ക്രിയകളുടെ പഠനം | കൈത്താങ്ങ്- പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>മാത്സ് ക്ലിനിക് | ജൂൺ ആദ്യത്തെ രണ്ടാഴ്ച | അദ്ധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത<br>ശില്പശാലകൾ | തുടർ പ്രവർത്തനം | അദ്ധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | ഒരു ടേം | അദ്ധ്യാപകർ<br>പി.ടി.എ. | പി.ടി.എ. |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തൽ | ശില്പശാല (സ്കൂൾതലം)<br>ക്ലബ്ബ് പ്രവർത്തനങ്ങൾ | ഒരു വർഷം | ഗണിതക്ലബ്ബ്<br>അദ്ധ്യാപകർ | പി.ടി.എ. |
| 5) സംഘബോധം ഉണ്ടാക്കൽ | ഗ്രൂപ്പ് വർക്ക് | തുടർ പ്രവർത്തനം | അദ്ധ്യാപകർ<br>ഗ്രൂപ്പ് ലീഡർ | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എച്ച്.എസ്. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) അദ്ധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള തുടർപഠനം, സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനമുറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ചർച്ചകൾ, പാഠാസൂത്രണം ഇവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ അദ്ധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമം- കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അദ്ധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ച അവധി ദിവസങ്ങളിൽ | ഗണിതാദ്ധ്യാപകർ | ഗണിത ക്ലബ്ബ് |
| 8) ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജിതമായ പങ്കാളിത്തം ഗണിത ലാബ് | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ<br>മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | അദ്ധ്യാപകർ പി.ടി.എ. | പി.ടി.എ. |
| 9)ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ ജൂലൈ | ക്ലബ്ബ് സെക്രട്ടറി അദ്ധ്യാപകർ | പി.ടി.എ. |
| 10) രക്ഷിതാക്കളുടെ ബോധവൽക്കരണം | മാസത്തിൽ ഒരു പി.ടി.എ. നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അദ്ധ്യാപകരും | അദ്ധ്യാപകർ എച്ച്.എം. പി.ടി.എ. പ്രസിഡന്റ് | പി.ടി.എ. |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## കലോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുക | സ്കൂൾതലത്തിൽ പ്രത്യേക പരിശീലനം നൽകുന്നു | പഠനത്തിനു ശേഷമുള്ള സമയം | അദ്ധ്യാപകർ | |

## മൂല്യനിർണ്ണയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ ആർജ്ജിച്ച ശേഷികൾ, പഠന നിലവാരം എന്നിവ കണ്ടെത്തുക | യൂണിറ്റ്, മിഡ് ടേം എക്സാം, ടേം എക്സാം എന്നിവ നടത്തുന്നു. വിലയിരുത്തുന്നു. | ശനിയാഴ്ച അവധി ദിവസങ്ങളിൽ | അദ്ധ്യാപകർ | |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം | ആവശ്യ മാസത്തിൽ | കൗൺസിലർ | |

## മാലിന്യനിർമ്മാർജ്ജനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ ഭക്ഷണാവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്<br>പൂന്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് | സ്കൂളിലെ ഭക്ഷണാവശിഷ്ടങ്ങൾ, കുട്ടികൾതന്നെ കമ്പോസ്റ്റ് ബിന്നിലും, പിറ്റിലും നിക്ഷേപിക്കുന്നു. അത് ചെടികൾക്ക് വളമായി ഉപയോഗിക്കുന്നു.<br>പ്ലാസ്റ്റിക് വസ്തുക്കൾ, പേന എന്നിവ പ്രത്യേക ബിന്നിൽ നിക്ഷേപിക്കുന്നു. | എല്ലാ ദിവസവും | അദ്ധ്യാപകർ കുട്ടികൾ | |

## ഗൃഹസന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം, അവരുടെ ജീവിത സാഹചര്യം എന്നിവ മനസ്സിലാക്കുന്നതിന് | അദ്ധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു.<br>അവരുടെ പഠനത്തെക്കുറിച്ച് രക്ഷകർത്താക്കളോട് അന്വേഷിക്കുന്നു. | വർഷത്തിൽ 2 തവണ | അദ്ധ്യാപകർ | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ
## പി.റ്റി.എ. ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളുടെ സർവ്വതോന്മുഖ മായ അഭിവൃദ്ധി ലക്ഷ്യമാക്കി പ്രവർത്തിക്കാൻ അദ്ധ്യാപകരും രക്ഷിതാക്കളും സഹകരിക്കുക | സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും പി.റ്റി.എ. യുടെ സഹകരണത്തോടെ യാണ് നടക്കുന്നത് | | | |



Scanned with OKEN Scanner

**ക്ലാസ്സ്** : V - X

**വിഷയം** : മലയാളം

**കുട്ടികളുടെ എണ്ണം** : 25

**പ്രോജക്ടിന്റെ പേര്** : അക്ഷരച്ചെപ്പ്

## ആമുഖം

നമ്മുടെ സ്കൂളിൽ ~~കേരളത്തിൽ~~ മാതൃഭാഷ തെറ്റുകൂടാതെ എഴുതുന്നതിനും, വായിക്കുന്നതിനും സാധിക്കാത്ത ധാരാളം കുട്ടികൾ ഉണ്ട്. അതുമൂലം അവരുടെ ആത്മവിശ്വാസം തന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. അങ്ങനെയുള്ള കുട്ടികളെ കണ്ടെത്തി അവർക്കു കൈത്താങ്ങായി മാറുകയാണ് ഈ പ്രോജക്ടിന്റെ ഉദ്ദേശ്യം

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
- അക്ഷരങ്ങൾ, വാക്കുകൾ എന്നിവ തെറ്റുകൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി നേടുക
- കുട്ടികളെ മികച്ച വായനക്കാരും എഴുത്തുകാരുമാക്കുക
- കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പാഠപുസ്തകത്തെ സമീപിക്കാനുള്ള ശേഷി നേടുക.

## പ്രവർത്തനഘട്ടങ്ങൾ (ക്ലാസ് തലം)

- അക്ഷരങ്ങൾ എഴുതിക്കുന്നു
- അക്ഷരങ്ങൾ ചേർത്ത് വാക്കുനിർമ്മിക്കാനുള്ള കഴിവ്
- കേട്ടെഴുത്ത്
- പ്രീ-ടെസ്റ്റ്

തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.

## പട്ടിക തയ്യാറാക്കൽ

പ്രസ്തുത വിഭാഗത്തിലുള്ള കുട്ടികളെ തരംതിരിക്കുന്നു.

# രക്ഷകർത്ത്യബോധവൽക്കരണം

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

# പരിഹാരബോധന പ്രവർത്തനം

ഹൈസ്കൂൾ, യു.പി. വിഭാഗത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിക്കുന്നു. ആഴ്ചയിൽ മൂന്ന് ദിവസം ഉച്ചയ്ക്കു ശേഷമുള്ള പീരിഡുകൾ ക്ലാസ്സെടുക്കാൻ വിനിയോഗിക്കുന്നു.

# മോണിറ്ററിംഗ്

H.M., S.R.G. കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ്തല മോണിറ്ററിംഗ്

## ചുമതല

യു.പി. വിഭാഗം - എല്ലാ അദ്ധ്യാപകർക്കും

എച്ച്.എസ്. വിഭാഗം - മലയാളം അദ്ധ്യാപകർ

## പ്രവർത്തനഘട്ടം – 2

ഓരോ ക്ലാസ്സിലും പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികൾക്ക് ഉച്ചയ്ക്കുശേഷമുള്ള പീരിഡുകളിൽ ക്ലാസ്സെടുക്കുന്നു. (യു.പി. - തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങൾ) (എച്ച്.എസ്. - ബുധൻ, വ്യാഴം, വെള്ളി ദിവസം)

- അക്ഷരങ്ങൾകൊണ്ട് കാർഡുണ്ടാക്കുക
- അക്ഷരങ്ങൾ ചേർത്ത് വാക്കുകളുടെ നിർമ്മാണം
- വാക്കുകൾ ചേർത്ത് വാക്യ നിർമ്മാണം
- ചിത്രവായന
- അടിക്കുറിപ്പ് നിർമ്മാണം
- ചിത്രം കണ്ട് കഥ പറയുക
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ടെസ്റ്റ് നടത്തുന്നു

## പഠിതാക്കളുടെ നിലവാരം കണ്ടെത്തുന്നതിന് വിലയിരുത്തൽ

- കുട്ടി ആർജ്ജിച്ച ശേഷി വിലയിരുത്തുന്നു



Scanned with OKEN Scanner

# പ്രവർത്തനഘട്ടം – 3

അക്ഷരങ്ങളും, വാക്കുകളും, വാക്യങ്ങളും തെറ്റില്ലാതെ വിനിമയം ചെയ്യാൻ കഴിയുന്ന കുട്ടികൾക്ക് തുടർ പ്രവർത്തനങ്ങൾ നൽകുന്നു.

- കഥയുടെ കുറച്ചുഭാഗം നൽകി ബാക്കി എഴുതിപ്പിക്കുന്നു (അദ്ധ്യാപികയുടെ ഇടപെടൽ)
- ചെറിയ കഥപുസ്തകം നൽകുന്നു.
- കഥ വായിപ്പിക്കുന്നു.
- വായിച്ച കഥയെക്കുറിച്ച് പറയുന്നു.
- ചെറിയ വാക്യങ്ങളായി എഴുതാൻ നിർദ്ദേശിക്കുന്നു.

## ശില്പശാല സംഘടിപ്പിക്കുക

യു.പി., എച്ച്.എസ്. വിഭാഗങ്ങളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു.

- വാക്പയറ്റ്
- ഭാഷാകേളി
- ചിത്രവായന
- കഥാപൂരണം
- പരിസ്ഥിതി പഠനം

### വിലയിരുത്തൽ

- കുട്ടി ആർജ്ജിച്ച ശേഷി വിലയിരുത്തുന്നു



Scanned with OKEN Scanner